# Telephonic conversation between Prime Minister and Prime Minister of Portugal

May 05, 2020

---

# പ്രധാനമന്ത്രിയും പോർച്ചുഗൽ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

മെയ് 05, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയും പോർച്ചുഗൽ പ്രധാനമന്ത്രി ശ്രീ. അന്റോണിയോ കോസ്റ്റയും തമ്മിൽ ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

ഫെബ്രുവരിയിൽ ഇന്ത്യയിലേക്ക് പോർച്ചുഗൽ പ്രസിഡണ്ട് ശ്രീ മാർസെലോ റെബലോ ഡിസൂസ നടത്തിയ സന്ദർശനം പ്രധാനമന്ത്രി അനുസ്മരിച്ചു.

കോവിഡ് -19 പകർച്ചവ്യാധിയുടെ സ്ഥിതിഗതികളും അതിന്റെ ആരോഗ്യപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ നേരിടാൻ ഇരു രാജ്യങ്ങളും സ്വീകരിച്ച നടപടികളും ഇരു നേതാക്കളും ചർച്ച ചെയ്തു. പ്രതിസന്ധി കാര്യക്ഷമമായ രീതിയിൽ കൈകാര്യം ചെയ്തതിന് പ്രധാനമന്ത്രി പോർച്ചുഗൽ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു.

വൈറസ് ബാധ തടയുന്നതിന് ക്രിയാത്മകമായ ദേശീയ പ്രതിരോധനടപടികൾ സഹായകമാണെന്നു നേതാക്കൾ നിരീക്ഷിച്ചു. സാഹചര്യം നേരിടുന്നതിന് സാധ്യമായ എല്ലാ സഹായങ്ങളും അവർ പരസ്പരം വാഗ്ദാനം ചെയ്തു കൂടാതെ കോവിഡ്-19 പ്രതിരോധിക്കാനായിയുള്ള ഗവേഷണം കണ്ടുപിടുത്തങ്ങൾ എന്നിവയിൽ സഹകരിക്കുന്നതിനു സമ്മതിച്ചു.

ലോക്കഡോൺ മൂലം പോർച്ചുഗലിലേക്ക് മടങ്ങിവരാൻ സാധിക്കാതിരുന്ന ഇന്ത്യൻ യാത്രികരുടെ വിസ കാലാവധി ദീർഘിപ്പിച്ചു നൽകിയ പ്രധാനമന്ത്രി കോസ്റ്റയോട് ഇന്ത്യൻ പ്രധാനമന്ത്രി നന്ദി അറിയിച്ചു. ഇന്ത്യയിലെ പോർച്ചുഗീസ് പൗരന്മാർക്ക് ഇന്ത്യൻ അധികാരികൾ നൽകിയ സൗകര്യത്തിനു പ്രധാനമന്ത്രി കോസ്റ്റ അദ്ദേഹത്തിന്റെ നന്ദി അറിയിച്ചു.
പ്രസന്ധിയുടെ വിവിധ ഘട്ടങ്ങളിലും കോവിഡിന് ശേഷമുള്ള സാഹചര്യത്തിലും പരസ്പരം സമ്പർക്കവും കൂടിയാലോചനകളും തുടരുമെന്നും നേതാക്കൾ സമ്മതിച്ചു.

**ന്യൂ ഡൽഹി**
**05 മെയ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.